കഥ

# മയിൽപ്പീലി തുണ്ടുകൾ

സുധീർ പണിക്കവീട്ടിൽ

അയാൾ നടന്ന് പോവുകയായിരുന്നു. പ്രഭാതത്തിൻെറ പ്രസരിപ്പ് ഏറ്റ് വാങ്ങി, പ്രപഞ്ചത്തിൻെറ താളം കേട്ട് കൊണ്ട്, ഉറച്ച കാൽ വെയ്പ്പോടെ അയാൾ മുന്നോട്ട് പൊയ്ക്കൊണ്ടിരുന്നു. ചരിത്രമുറങ്ങുന്ന നിരത്തിലൂടെ, കാലം മറന്ന് വച്ച സ്മാരകങ്ങളെ നോക്കികൊണ്ട് അയാൾ പ്രയാണം തുടർന്നുകൊണ്ടിരുന്നു.

വഴികൾ വളഞ്ഞും, പുളഞ്ഞും കാണപ്പെട്ടു. ഇന്നലെ പെയ്ത മഴയുടെ നനവ് തങ്ങി നിൽക്കുന്ന വഴികൾ, വഴിയരുകിൽ മഴവെള്ളം തുളുമ്പി നിൽക്കുന്ന പുൽക്കൊടിതുമ്പുകൾ. അയാളുടെ മനസ്സിലേക്ക് ഒരു കുഞ്ഞിക്കാറ്റ് കയറി വന്നു. പാലപ്പൂക്കളുടെ ഗന്ധം കലർന്ന കാറ്റ്. അടുത്തെവിടെയോ പാലമരമുണ്ട്. മുറുക്കാനിത്തിരി ചുണ്ണാമ്പ് ചോദിച്ച് ഏതെങ്കിലും യക്ഷികൾ പിന്നാലെ വരുന്നുണ്ടോ എന്നയാൾ കാതോർത്തു.

മറക്കുട ചൂടി ഒരു ഒരന്തർജ്ജനം വരുന്നത് പോലെ തോന്നി. ഒരു പക്ഷെ അത് നങ്ങമ്മയായിരിക്കും. ചെയ്യാത്ത കുറ്റത്തിനു സ്മാർത്ത വിചാരം നടത്തി പിണ്ഡം വച്ച് പടിയടക്കപെട്ട നമ്പൂരി യുവതി. അവർ വീട്ടുകാർ കൊട്ടിയടച്ച പടിവാതിൽക്കൽ നിന്നു. നിരാലംബയായി, വിതുമ്പി ഏങ്ങലടിച്ച് നിന്നപ്പോൾ കാമകഴുകന്മാർ അവരെ കൊത്തിയെടുത്തു പറന്നു. പിന്നെ അവരെകുറിച്ച് ആരും അറിഞ്ഞില്ല. അയാൾ നടത്തം നിർത്തി, അവിടെ നിന്നു. ദുഃഖം ഘനീഭവിച്ച് കിടക്കുന്ന മണ്ണിലേക്ക് അയാളുടെ ചൂടുള്ള കണ്ണീർ അടർന്ന് വീണു. അത് വീണ മണ്ണിൽ നങ്ങമ്മയുടെ മുഖം തെളിഞ്ഞ് വരുന്നപോലെ അയാൾക്ക് തോന്നി. പാവം നങ്ങമ്മ. അത് വഴി കടന്ന് വന്ന പ്രായമായ ഒരാൾ പറഞ്ഞു “ഒറ്റക്ക് ഇങ്ങനെ നിൽക്കണ്ട. ഇവിടെ നങ്ങമ്മയുടെ ആത്മാവ് അലഞ്ഞ് നടക്കുന്നുണ്ടത്രെ.

അവരെ ദൂരെ എവിടേക്കോ ആളുകൾ പിടിച്ചോണ്ട് പോയില്ലേ? പിന്നെങ്ങനെയാണ് ആത്മാവ് ഇവിടെ പറന്ന് നടക്കുന്നത്. മനുഷ്യർ എവിടെ പോയാലും മരിച്ച് കഴിഞ്ഞാൽ അവരുടെ ആത്മാക്കൾ അവർ

ജനിച്ച് വളർന്ന പരിസരത്തൊക്കെ ചുറ്റിപറ്റി നടക്കുമത്രെ. അത്രയും പറഞ്ഞ് അത് വഴി വന്നയാൾ നടന്ന് പോയി. അത് അയാൾക്ക് പുതിയ അറിവായിരുന്നു. അയാൾ അതേ കുറിച്ച് ഓർക്കാൻ തുടങ്ങി. അങ്ങനെ ചുറ്റുമുള്ള ഓരോന്നും അയാളെ ചിന്തിപ്പിക്കാൻ തുടങ്ങി. വഴിയാത്രയിൽ അവയെല്ലാം കളയാതെ മനസ്സിൽ സൂക്ഷിച്ചു.

പ്രക്രുതിയുടെ പൂന്തോട്ടത്തിൽ നിന്നും അയാൾ പൂക്കളിറുത്തു. നിലാവിൻെറ പട്ട് പാവാടക്ക് ഒരു കസവ് കര തുന്നിചേർത്തു. ചിങ്ങ വെയിലിൽ നിന്ന് പൊൻ പണ്ടങ്ങൾ പണിയിപ്പിച്ചു. വ്രുശ്ചിക കാറ്റിൽ പട്ടം പറപ്പിച്ചു. മകരമഞ്ഞിൽ കോരിത്തരിച്ചു. മനസ്സ് ഒരു നർത്തകിയാകുകയായിരുന്നു. അവൾ ചുവട് വക്കാൻ തുടങ്ങി. നിതാന്തമായ ന്രുത്തം. അയാൾ ഒരു യവനിക തേടിയലഞ്ഞു. നർത്തകിക്ക് ഒരിത്തിരി വിശ്രമം കൊടുക്കാൻ വേണ്ടി യവനിക അന്വേഷിച്ച് നടക്കവെ പലതും കണ്ട് മുട്ടി. എല്ലാം അയാൾ കുത്തിക്കുറിച്ചുവച്ചു. പ്രയാണത്തിൻെറ ദിശയിലെവിടേയോ അയാൾ ഒരു താവളം കണ്ടെത്തി. ജീവിതമെന്ന ഒരു യവനിക കണ്ടെത്തി. മാതാപിതാക്കൾ അയാൾക്ക് ഒരു കൂട്ടുകാരിയെ കൊടുത്തു. പക്ഷെ, അയാൾ കപില വസ്തുവിലെ രാജകുമാരനെപ്പോലെ അസ്വസ്ഥ്നായിരുന്നു. ചെങ്കോലിനെക്കൾ ചുരക്കതൊണ്ട് പിടിക്കുന്നത് മഹത്തരമാണെന്ന് അദ്ദേഹത്തിനു എപ്പോഴാണ് തോന്നിയത്. പുറം ലോകത്തിൻെറ ബഹളങ്ങളിൽ നിന്ന് അകന്ന് സ്വന്തം സ്വകാര്യതയുടെ നിർവ്രുതിയിൽ അയാൾ ദിവസങ്ങൾ നീക്കി.

വിശ്രമവേളകളിൽ അയാൾ പതുക്കെ യവനിക നീക്കി. കാലത്തിൻെറ അരങ്ങിൽ മനസ്സെന്ന നർത്തകിയുടെ ലാസ്യന്രുത്തങ്ങൾ നോക്കി നിന്നു. അയാൾ കുറിച്ചു വച്ച അനേകം രംഗങ്ങൾ ഓർമ്മയിലേക്ക് ഓടിയെത്തി. അയാൾ അത് ഭദ്രമായി അടച്ച് വച്ച് കുടുംബ ജീവിതത്തിൻെറ നാലു ചുവരുകൾക്കുള്ളിൽ കഴിഞ്ഞു. മനസ്സിൻെറ വിനോദത്തിനു പുസ്തകങ്ങൾ കൂട്ടായി നിന്നു. മനസ്സിൻെറ പുസ്തകതാളിൽ ഒരു മയിൽപ്പീലി തുണ്ട് പോലെ അയാളുടെ കുറിമാനങ്ങൾ കുടികൊണ്ടു. മാനം കാണാതെ സൂക്ഷിച്ച് വക്കുന്ന മയിൽ പീലി പെറ്റുപെരുകുമെന്ന വിശ്വാസത്തോടെ അയാൾ കഴിഞ്ഞു. മയിൽപ്പീലി പെറ്റു പെരുകി. അല്ലെങ്കിൽ എന്നും അയാൾ പുതിയ മയിൽപ്പീലിതുണ്ടുകൾ തിരുകിവച്ചുകൊണ്ടിരുന്നു.

സ്വപ്നങ്ങളുടെ ലോകം സ്രുഷ്ടിച്ച് അയാൾ നടന്ന് പൊയ്ക്കൊണ്ടിരുന്നു. പരിസരങ്ങളിൽ പറ്റിചേരാതെ തൻേറതായ ലോകത്തിൽ ഏകാഗ്രനായി ഇഴുകിചേർന്ന്കൊണ്ട് അയാൾ പ്രയാണം തുടർന്നു.

ഒരു ദിവസം കുറച്ച്പേർ അയാളുടെ വഴി മുടക്കി നിന്നു. അവർ പറഞ്ഞു. ആ മയിൽ പീലികളിൽ നിന്നൊന്ന് തരൂ, ഞങ്ങൾ അത് ലോകത്തെ കാണിക്കട്ടെ. അയാൾ പറഞ്ഞു വേണ്ട, അതിൻെറയാവശ്യമില്ല. പക്ഷെ അവർ വിട്ടുകൊടുത്തില്ല. അവർ നിർബന്ധപൂർവ്വം ആവശ്യപ്പെട്ടു. ഈ മയിൽപ്പീലികൾ ഞങ്ങളുടെ കാവടിയിൽ തിരുകി വക്കാൻ സമ്മതിക്കുക. പിന്നെ കാവടിയാട്ടം തുടങ്ങുകയായി. മാലോകർ കണ്ട് നിൽക്കുന്ന കാവടിയാട്ടം. പീലി തിരുകുന്ന എല്ലാവരേയും ആളുകൾ തിരിച്ചറിയും.

ആരുടെ പീലിക്കെട്ടിനാണ് ഭംഗി എന്ന് അവർ പറയും. അയാൾ പറഞ്ഞു വേണ്ട – പി. ഭാസ്കരൻെറ കവിത പോലെ : ഞാനൊരു പരദേശിയായിട്ടീ സ്വർഗ്ഗത്തിൻെറ കോണിലൊരരയാലിൻ ഛായയിൽ ശയിച്ചോട്ടെ. പക്ഷെ മാലോകർ വിട്ടില്ല. അവർ അയാളുടെ പീലിക്കെട്ടുകളിൽ നിന്ന് ചിലത് വാങ്ങി.

അയാൾ പതിവ് പോലെ സ്വപ്നങ്ങളുടെ കൊട്ടാരം കെട്ടി ജീവിതം ആഘോഷിച്ചു. ആ കൊട്ടാരത്തിൻെറ പുറത്ത് എന്തു നടക്കുന്നു എന്ന് അറിഞ്ഞില്ല. സ്വന്തം മുറിയിലെ മാർദ്ദവമുള്ള മെത്തയിൽ ചാരിയിരുന്ന് അയാൾ അക്ഷരങ്ങളെ കൊണ്ട് ലക്ഷാർച്ചന നടത്തി. കേൾക്കാനിമ്പമുള്ള ആ മന്ത്രങ്ങൾ കാതോർക്കാൻ വാഗ്ദേവത അയാൾക്ക് കൂട്ടിരുന്നു.

ആരോടും പരിഭവമില്ലാതെ ഞാൻ എൻെറ ലോകത്തിൽ സംത്രുപ്തൻ – അയാൾ എപ്പോഴും പറഞ്ഞ്കൊണ്ടിരുന്നു. ജീവിതയാത്രയുടെ തുടർച്ചയിൽ അനേകം പീലിത്തുണ്ടുകൾ അയാൾ ചോദിക്കുന്നവർക്കൊക്കെ കൊടുത്തു.

കാവടിയാട്ടം ആടിയവർ പല ഗ്രൂപ്പുകളായി. അവർ തമ്മിൽ കലഹമാരംഭിച്ചു. അയാൾ, അയാൾ മാത്രം ഒന്നും അറിഞ്ഞില്ല. കാവടിയാട്ടക്കാർ കളികളെപറ്റി പറഞ്ഞു, കളികളിലെ കളികളെപ്പറ്റി പറഞ്ഞു. അയാൾ ഒന്നും മിണ്ടിയില്ല. അയാൾ കാവടിയാട്ടത്തിൻെറ ചിട്ടകളെപ്പറ്റി അറിയാവുന്നത് അവർക്ക് മനസ്സിലാക്കികൊടുത്തു. ഈശ്വരനടയിൽ അനുഷ്ഠിക്കേണ്ട കർമ്മങ്ങളെപ്പറ്റി വിവരിച്ചു. കേട്ടവർ,

കേട്ടവർ അവർക്കിഷ്ടമുള്ളത് കൂട്ടിച്ചേർത്ത് പരസ്പരം ചെളിവാരിയെറിഞ്ഞു. സ്വന്തമായി ഒരഭിപ്രായം പറയാൻ ധൈര്യമില്ലാത്തവർ വീട്ടിനുള്ളിൽ നിന്നും പുറത്തിറങ്ങാത്ത മനുഷ്യൻെറ പേരിൽ അവർക്ക് പറയാനുള്ളത് പറഞ്ഞു. അയാൾ ബലിയാടായിക്കൊണ്ടിരുന്നു. പുറത്തെ കളികൾ തുടർന്നിട്ടും അയാൾ ഒന്നുമറിഞ്ഞില്ല. അയാളുടെ പീലിതുണ്ടുകൾ പലരും മോഷ്ടിച്ചു. ചിലർ അസൂയകൊണ്ട് അവയിൽ പലതും മാറ്റി കളഞ്ഞു. ചിലർ അതിനു ചില്ലറ മാറ്റങ്ങൾ വരുത്തി പകർത്തി. ചിലർ അനുകരിച്ചു. സത്യം പ്രകാശം ചൊരിയുന്ന വഴിയിലൂടെ അയാൾ നടന്നു. ചുറ്റിലും നടമാടിയ ഇരുട്ടിൽ അസൂയയുടെ വവ്വലുകൾ ചിറകിട്ടടിച്ചു. ദുഷ്ടതയുടെ ചീവ്വിടുകൾ ശബ്ദമുണ്ടാക്കി.

ചെയ്യാത്ത കുറ്റത്തിനു പടിയടച്ച് പിണ്ഡം വച്ച നങ്ങമ്മയുടെ ആത്മാവ് അയാൾക്ക് മേൽ വട്ടം പറന്നു. ആ ആത്മാവിൻെറ ദയനീയമായ മൂളലുകൾ അയാളെ കുറിച്ചായിരുന്നു. നിഷ്ക്കളങ്കനായ മനുഷ്യാ പുറത്തേക്കിറങ്ങി നോക്കു, നീ കാണുന്ന വിശ്വസിക്കുന്ന ലോകമല്ല പുറത്ത്, കൊച്ച് കുഞ്ഞാണ് നീ, നിൻെറ മുന്നിൽ വിശ്വം മുഴുവൻ വെളുത്ത് കാണും.

കുടുമയും കുടവയറുമുള്ള ഒരു വയസ്സൻ നമ്പൂതിരിയും അയാൾക്ക് സേവ പാടുന്നവരും എവിടേയോ സ്മാർത്ത വിചാരത്തിനു പോകുന്നത് അയാളുടെ മുന്നിൽ തെളിഞ്ഞ് വന്നു.

**ശുഭം**